(ബി) മൂന്ന് യന്ത്രവൽകൃത ബോട്ടുകൾ പൂർണ്ണമായി തകരുകയും പരമ്പരാഗത വള്ളങ്ങളുടെ 226 എഞ്ചിനുകൾ നഷ്ടപ്പെടുകയും 200 എഞ്ചിനുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സുനാമി ദുരന്തത്തിൽ പൂർണ്ണമായി യന്ത്രവൽകൃത ബോട്ടുകൾ തകർന്ന ഉടമകൾക്ക് പുതിയ ബോട്ടുകൾ വാങ്ങുന്നതിലേക്കായി (മുന്ന് ബോട്ടുകൾക്കും കൂടി) രാജീവ് ഗാന്ധി പുനരധിവാസ പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് 2,20,000 രൂപ നഷ്ടം കണക്കാക്കപ്പെടുകയും ബോട്ടുകളുടെ നഷ്ടത്തിൽ 35% സബ്സിഡിയായി 77,000 രൂപ (എഴുപത്തിയേഴായിരം രൂപ)യും അനുവദിച്ചു നൽകപ്പെട്ടു. ഈ ദുരന്തത്തിൽ ഭാഗികമായി കേടുപാടുകൾ പറ്റിയ യന്ത്രവൽകൃത ബോട്ടുകൾക്ക് (364) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് കണക്കാക്കപ്പെട്ട നാശനഷ്ടത്തിന്റെ 60% തുക അനുവദിച്ചു നൽകുന്നതിനായി ഒൻപത് തീരദേശ ജില്ലകളിലായി 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ 281 ബോട്ടുകൾക്ക് നാളിതുവരെ ധനസഹായം നൽകുകയും 83 ബോട്ടുകൾക്ക് ഇനിയും സഹായധനം നൽകുവാനുമുണ്ട്.

മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുകയും കേടുപാട് സംഭവിക്കുകയും ചെയ്ത 8638 പരമ്പരാഗത ഗ്രൂപ്പുകൾക്ക് മത്സ്യഫെഡ് വഴി 1354.43 ലക്ഷം രൂപയുടെ മത്സ്യബന്ധന ഉപരണങ്ങൾ അനുവദിക്കുകയും ആയതിൻ പ്രകാരം 30-12-2005 വരെ 1072.46 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ഉണ്ടായി.

സുനാമി ദുരന്തത്തിൽ തകർന്ന തീരദേശ റോഡുകൾ

145. [145] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സുനാമി ദുരന്തംമൂലം തകർന്ന ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകൾ പുനർനിർമ്മിക്കുവാൻ ഇതുവരെ എന്തൊക്കെ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ റോഡുകളാണ് ഫിഷറീസ് വകുപ്പ് പുനർനിർമ്മാണത്തിന് പരിഗണിച്ചിട്ടുള്ളത്;

(സി) എന്ത് തുക ഇക്കാര്യത്തിനായി മാറ്റിവച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡുകളുടെ പുനർനിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്.

(ബി—ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly